**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന്, പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ ഒഴിവാക്കികൊണ്ട് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.4167/2018/ധന.** തിരുവനന്തപുരം, തീയതി **14/05/2018**

---

പരാമർശം -
1. സ. ഉ. (സാധാ) നം. 2146/2018/ധന തീയതി 17.03.2018
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 17.04.2018 ലെ P3/33301/17/DME നമ്പരായുള്ള കത്ത്.
3. 08.12.2014 ലെ സ.ഉ. (പി) നം. 533/2014/ധന.
4. ഭരണവകുപ്പ് ഫയൽ നം.HEALTH-P1/53/2018-HEALTH computer no.729570

## ഉത്തരവ്

തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ **National Programme for Prevention & Management of Burn Injuries (NPPMBI)** എന്ന പദ്ധതിയ്ക്കായി അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഏത് തരത്തിലുള്ള അക്കൗണ്ടാണ് ആരംഭിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടില്ലെന്നും കേന്ദ്ര സർക്കാരിന്റെ നിർദേശമനുസരിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി കേന്ദ്ര പദ്ധതിയുടെ തുക നിക്ഷേപിക്കുകയും അതിൽ നിന്നും ലഭിക്കുന്ന പലിശ കേന്ദ്ര സർക്കാരിന്റെ റവന്യൂ വിഭാഗത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള വ്യവസ്ഥകളടങ്ങിയ പരാമർശം 3 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ, സി.എസ്.എസ്. ഫണ്ട് കൈമാറുമ്പോൾ പാലിക്കണമെന്ന നിർദ്ദേശം ഒഴിവാക്കികൊണ്ട് പരാമർശം 1ലെ സർക്കാർ ഉത്തരവ് പുതുക്കി നൽകണമെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ **National Programme for Prevention & Management of Burn Injuries (NPPMBI)** എന്ന പദ്ധതിയ്ക്കായി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകികൊണ്ടും, പലിശ രഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള വ്യവസ്ഥകളടങ്ങിയ പരാമർശം 3 ലെ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കണമെന്ന നിർദ്ദേശം ഒഴിവാക്കികൊണ്ട് പരാമർശം 1 ലെ സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം, 695 011
ധനകാര്യ (H&L.-A) വകുപ്പ്
ഹെൽത്ത് (P) വകുപ്പ് (e-file No: HEALTH-P1/53/2018-HEALTH computer no.729570 പ്രകാരം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ